

# Jubilet

Jubilee Mission Medical College & Research Institute Since 1951 Vol. 12 Issue 2 March 2026

# ഉള്ളടക്കം

CONTENT


RESEARCH WINGS JOURNAL CLUB 9

നമുക്കിടയിൽ — ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് ഹോസ്റ്റലിൽ പുതിയ ചാപ്പൽ 13

കരുണയുടെ ഉടമ്പടി: ജൂബിലി മിഷനിലെ വിശ്വാസവും ശാസ്ത്രവും ശുശ്രൂഷയും ........ 01

കാർഡിയോളജി, എമർജൻസി ക്രിട്ടിക്കൽ കെയർ വിഭാഗങ്ങളിൽ ജൂബിലി മിഷൻ കേരളത്തിലെ ഏറ്റവും മികച്ച ആശുപത്രി ........ 03

ജൂബിലിയിൽ ഹൈ പ്രിസിഷൻ സർജിക്കൽ മൈക്രോസ്കോപ് ........ 05

"സ്പെക്ട്രം 2026" ........ 07

പാത്തോളജി അസോസിയേഷൻ സംസ്ഥാന സമ്മേളനം ജൂബിലിയുടെ ആഭിമുഖ്യത്തിൽ ........ 08

സെന്റ് തോമസ് കോളേജ് അധ്യാപക സന്ദർശനം ........ 10

നവജാതശിശു – പുനർജ്ജീവനവും അടിയന്തര ട്രോമ മാനേജ്മെന്റ് – ശില്പശാല ........ 12

ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് ഹോസ്റ്റലിൽ പുതിയ ചാപ്പൽ ........ 13

വേനൽക്കാല ചർമ്മസംരക്ഷണം ആയുർവേദത്തിലൂടെ ........ 21

Welcome TO JUBILEE FAMILY 14

THANK YOU 15

DOCTOR'S CORNER — THE SILENT THIEF OF SIGHT 17



# കരുണയുടെ ഉടമ്പടി:

## ജൂബിലി മിഷനിലെ വിശ്വാസവും ശാസ്ത്രവും ശുശ്രൂഷയും

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ നമ്മുടെ ഓരോ ദിവസവും കേവലം ക്ലാസുകളിലോ വാർഡുകളിലോ മാത്രം ഒതുങ്ങുന്നതല്ല. അത് പ്രാർത്ഥനയുടെയും അർപ്പണബോധത്തിന്റെയും കൂടെ സംഗമമാണ്. വിശുദ്ധമായ നോമ്പുകാലത്തിലൂടെ നമ്മൾ കടന്നുപോകുമ്പോൾ, രോഗീശുശ്രൂഷ എന്ന നമ്മുടെ മഹത്തായ വിളിയെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ ഈ സമയം നമ്മെ സഹായിക്കുന്നു. നോമ്പ് എന്നത് കേവലം ഒരു മതപരമായ ആചാരമല്ല; മറിച്ച് അത് ത്യാഗത്തിന്റെയും സേവനത്തിന്റെയും കരുണയുടെയും ഓർമ്മപ്പെടുത്തലാണ്. വൈദ്യശാസ്ത്രത്തിന്റെ അടിസ്ഥാന ശിലകളും ഇവ തന്നെയാണല്ലോ.

അമ്പതു ദിവസത്തെ നോമ്പ് എന്നത് ഒരുക്കത്തിന്റെയും ആത്മപരിശോധനയുടെയും കാലമാണ്. നമ്മുടെ ആശുപത്രിയിലെ ഓരോ ജീവനക്കാരനും അത് മുതിർന്ന ഡോക്ടർമാരാകട്ടെ, നഴ്സുമാരാകട്ടെ, അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫോ ശുചീകരണ തൊഴിലാളികളോ ആകട്ടെ നമ്മുടെ ഓരോ പ്രവൃത്തിയും ഒരു 'രോഗശാന്തി ശുശ്രൂഷ' (Healing Ministry) ആണ്. ക്ഷമയും കരുണയും സ്വന്തം സുഖസൗകര്യങ്ങൾ മാറ്റിവെച്ചുള്ള ത്യാഗവുമാണ് ഇതിന്റെ അടിസ്ഥാനം.

നോമ്പിന്റെ മൂന്ന് പ്രധാന തൂണുകൾ നമ്മുടെ പ്രൊഫഷണൽ ജീവിതവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് നോക്കാം:

പ്രാർത്ഥന എന്ന സാന്നിധ്യം: മെഡിക്കൽ രംഗത്ത് പ്രാർത്ഥന എന്നത് രോഗിയോടുള്ള നമ്മുടെ കരുതലും സാമീപ്യവുമാണ്. രോഗിയുടെ വാക്കുകൾ ശ്രദ്ധയോടെ കേൾക്കുന്നതും, അവർക്ക് ആശ്വാസം പകരുന്നതും പ്രാർത്ഥനയുടെ മറ്റൊരു രൂപമാണ്.

ഉപവാസം എന്ന അച്ചടക്കം: ഭക്ഷണക്രമീകരണത്തേക്കാൾ ഉപരിയായി, സ്വാർത്ഥത വെടിഞ്ഞുള്ള സേവനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. രോഗിയുടെ നന്മയ്ക്കായി സ്വന്തം താല്പര്യങ്ങൾ മാറ്റിവെക്കുന്നതും ധാർമ്മികമായ തൊഴിൽ രീതികൾ പിന്തുടരുന്നതും ഒരു ഉപവാസം പോലെ പവിത്രമാണ്.

ദാനം എന്ന സേവനം: പാവപ്പെട്ടവരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും നാം കാണിക്കുന്ന കരുണയാണ് നമ്മുടെ ദാനം. അശരണരായ രോഗികൾക്ക് താങ്ങായി നിൽക്കുമ്പോൾ നാം ഈ വലിയ ദൗത്യത്തിൽ പങ്കുചേരുന്നു. നോമ്പുകാലം അവസാനിക്കുമ്പോൾ അത് ഒരു പുതിയ ഉയിർപ്പിന്റെയും പ്രത്യാശയുടെയും സന്ദേശമാണ് നൽകുന്നത്. നമ്മുടെ ആശുപത്രിയിലെ ഓരോ വാർഡിലും സുഖം പ്രാപിച്ചു മടങ്ങുന്ന ഓരോ രോഗിയിലും ആ പ്രത്യാശയുടെ വെളിച്ചം നമുക്ക് കാണാൻ കഴിയും.

വിശ്വാസവും ശാസ്ത്രവും ജൂബിലി മിഷനിൽ കൈകോർത്തു നീങ്ങുന്നു. ശാസ്ത്രം രോഗത്തിന്റെ കാരണങ്ങൾ കണ്ടെത്തുമ്പോൾ, വിശ്വാസം ആ രോഗിക്ക് ജീവിതത്തിന്റെ അർത്ഥം പകർന്നുനൽകുന്നു. ഈ നോമ്പുകാലം നമ്മുടെ ഹൃദയങ്ങളെ കൂടുതൽ മൃദുവാക്കട്ടെ, നമ്മുടെ സേവനങ്ങളെ കൂടുതൽ അർത്ഥവത്താക്കട്ടെ. നമുക്ക് ഒരുമിച്ച്, രോഗശാന്തിയുടെ ഈ പുണ്യയാത്രയിൽ പങ്കുചേരാം. "സത്യസന്ധതയോടെ സേവിക്കാനും, ആഴത്തിൽ ശ്രദ്ധിക്കാനും, കരുണയോടെ ചികിത്സിക്കാനും നമുക്ക് പുനരർപ്പണം ചെയ്യാം."

**ഫാ. ടെറിൻ മുള്ളക്കര**<br>
അസിസ്റ്റന്റ് ഡയറക്ടർ<br>
ജൂബിലി മിഷൻ മെഡിക്കൽ എജുക്കേഷൻ & സർവീസസ്




# കാർഡിയോളജി, എമർജൻസി, ക്രിട്ടിക്കൽ കെയർ വിഭാഗങ്ങളിൽ ജൂബിലി മിഷൻ കേരളത്തിലെ ഏറ്റവും മികച്ച ആശുപത്രി

ധനം ഹെൽത്ത് കെയർ അവാർഡ് 2026-ൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ഇരട്ട ബഹുമതികൾ നേടി. കേരളത്തിലെ മികച്ച കാർഡിയോളജി ആശുപത്രിയും എമർ ജൻസി ആന്റ് ക്രിട്ടിക്കൽ കെയർ ആശുപത്രിയുമായി സ്ഥാപ നത്തെ തിരഞ്ഞെടുത്തു. കാർഡിയോളജി വിഭാഗത്തിന്റെ സമഗ്ര സേവനങ്ങളും അത്യാധുനിക ചികിത്സാ സംവിധാനങ്ങളും അടി യന്തര-ഗുരുതരാവസ്ഥ ചികിത്സയിൽ സ്ഥാപനം കൈവരിച്ച മികവും പരിഗണിച്ചാണ് പുരസ്ക്കാരങ്ങൾ സമ്മാനിച്ചത്. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ,



സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, എമർജൻസി വിഭാഗം മേധാവി ഡോ. ബാബു ഉറുമീസ് പാലാട്ടി, കാർഡിയോളജി വിഭാഗം മേധാവി ഡോ. പ്രസന്നകുമാർ എന്നിവർ ചേർന്ന് എ.എച്ച്.പി.ഐ. ഡയറക്ടർ ജനറൽ ഡോ. ഗിരിധർ ഗ്യാനിയിൽ നിന്ന് പുരസ്ക്കാരം ഏറ്റുവാങ്ങി. ഈ നേട്ടം സ്ഥാപന നേതൃത്വത്തിന്റെ ദീർഘദർശനവും സമർപ്പിതരായ ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ സംഘബോധത്തിന്റെ ഫലമാണെന്ന് ഫാ. റെന്നി മുണ്ടൻകുരിയൻ അഭിപ്രായപ്പെട്ടു. കേരളത്തിലെ ഹൃദ്രോഗ ചികിത്സയുടേയും, എമർജൻസി-ക്രിട്ടിക്കൽ കെയർ സേവനങ്ങളുടേയും മേഖലയിൽ ജൂബിലി മിഷന്റെ നേതൃസ്ഥാനം ഈ ബഹുമതി വീണ്ടും ഉറപ്പിക്കുന്നു.








# ജൂബിലിയിൽ ഹൈ പ്രിസിഷൻ സർജിക്കൽ മൈക്രോസ്കോപ്പ്

ജൂബിലി മിഷൻ ആശുപത്രിയിൽ അത്യാധുനിക സാങ്കേതിക വിദ്യയോടുകൂടിയ ഹൈപ്രിസിഷൻ സർജിക്കൽ മൈക്രോസ്കോപ്പ് സ്ഥാപിച്ചു. സ്ഥാപനത്തിന്റെ പ്ലാറ്റിനം ജൂബിലി വാർഷികാഘോഷങ്ങളുടെ ഭാഗമായാണ് പുതിയ ഉപകരണം പ്രവർത്തനസജ്ജമാക്കിയത്. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ആശീർവാദകർമ്മത്തിന് നേതൃത്വം നൽകി. സർജിക്കൽ ഒങ്കോളജിസ്റ്റും സിനിമാ കലാകാരനുമായ ഡോ. ശ്രീകുമാർ പിള്ളയും, സീനിയർ സ്കൾ ബേസ് സർജനും





സിനിമാ കലാകാരനുമായ ഡോ. രാജേഷ് രാജ് ജോർജും ചേർന്ന് സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചു. ന്യൂറോ സർജറി, ഇ.എൻ.ടി., ഓങ്കോളജി തുടങ്ങിയ വിഭാഗങ്ങളിലെ സൂക്ഷ്മ ശസ്ത്രക്രിയകൾ കൂടുതൽ കൃത്യതയോടെ സുരക്ഷിതമായി നിർവ്വഹിക്കാൻ ഈ മൈക്രോസ്കോപ്പ് സഹായകരമാകും. രോഗികൾക്ക് മികച്ച ചികിത്സാഫലങ്ങളും കുറഞ്ഞ ശസ്ത്രക്രിയ അപകട സാധ്യതയും ഉറപ്പാക്കുന്നതിൽ പുതിയ ഉപകരണം നിർണായകമായിമാറും.

"സ്നേഹത്തോടെയുള്ള സേവനം" എന്ന ദൗത്യവുമായി മുന്നേറുന്ന ജൂബിലി മിഷൻ ആധുനിക ചികിത്സാസൗകര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ പ്രതിബദ്ധമാണെന്ന് അധികൃതർ അറിയിച്ചു.









# “സ്പെക്ട്രം 2026”

റേഡിയോളജി മേഖലയിലെ നവീന സാങ്കേതികവിദ്യകളും അറിവുകളും പങ്കുവെക്കുന്നതിനായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ റേഡിയോളജി വകുപ്പ് സംഘടിപ്പിച്ച സ്പെക്ട്രം 2026 - റേഡിയോളജി പ്രൊഫഷണൽ സി.എം.ഇ. 2026 വിജയകരമായി നടന്നു. പരിപാടിയുടെ ഉദ്ഘാടനം ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ നിർവ്വഹിച്ചു. ആരോഗ്യപരിചരണ രംഗത്ത് റേഡിയോളജി ടെക്നോളജിസ്റ്റുകൾ വഹിക്കുന്ന നിർണ്ണായക പങ്കിനെക്കുറിച്ച് അദ്ദേഹം തന്റെ ഉദ്ഘാടനപ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു. സി. ആരതി സ്വാഗതം ആശംസിച്ചു. ചടങ്ങിൽ ഫിനാൻസ് അസിസ്റ്റന്റ് ഫാ. ജിജോ മാളിയേക്കൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, റേഡിയോളജി വിഭാഗം മേധാവി ഡോ. ബിനോജ് എന്നിവർക്ക് പ്രത്യേക അഭിനന്ദനങ്ങൾ അർപ്പിച്ചു.

ഗുണമേന്മയുള്ള ഇമേജിംഗ് മുതൽ ഡയഗ്നോസ്റ്റിക് രംഗത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വരെയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി പ്രമുഖ വിദഗ്ധർ ക്ലാസുകൾ എടുത്തു. വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള റേഡിയോളജി വിദ്യാർത്ഥികൾ, ഡോക്ടർമാർ ടെക്നോളജിസ്റ്റുകൾ എന്നിവർ ഉൾപ്പെടെ 175 പേർ സി.എം.ഇ.-യിൽ പങ്കെടുത്തു.




# പാത്തോളജി അസോസിയേഷൻ സംസ്ഥാന സമ്മേളനം ജൂബിലിയുടെ ആഭിമുഖ്യത്തിൽ

ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യൻ അസ്സോസിയേഷൻ ഓഫ് പാത്തോളജിസ്റ്റ് (IAPM) കേരള ചാപ്റ്ററിന്റെ 96-ാമത് സമ്മേളനം കുട്ടനെല്ലൂർ റീജൻസി ക്ലബ്ബിൽ നടന്നു. സമ്മേളനത്തിൽ IAPM കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ. കവിത രവി അധ്യക്ഷത വഹിച്ചു. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് 'കോർ ബയോപ്സി' എന്ന വിഷയത്തിൽ സ്ലൈഡ് സെമിനാർ സംഘടിപ്പിച്ചു. മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിലെ പാത്തോളജി വിഭാഗം മേധാവി ഡോ. ഷൈമ ആർ ദാസ് സെമിനാറിന് നേതൃത്വം നൽകി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പാത്തോളജി വിദഗ്ധർ സമ്മേളനത്തിൽ പങ്കെടുത്തു. ലാബ് പരിശോധനകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും പരിശോധന നിരക്കുകൾ ഏകീകരിക്കുന്നതിനും പാത്തോളജിസ്റ്റുകൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനും സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.



# JOURNAL CLUB

RESEARCH WINGS





JCMR organised the 91st Journal club meeting on 18th February, Wednesday, 2026 at New CCM hall. The speaker on the occasion was Dr. Aswathy R, Associate Professor, Department of Pathology. The topic was based on an article titled “Trastuzumab Deruxtecan after Endocrine Therapy in Metastatic Breast Cancer Bardia et.al 2024 published in NEJM journal. The article analysed the combinatorial effect of Trastuzumab Deruxtecan in HER2-low cancer based on monoclonal antibody therapy. Dr Kurian Alappatt, Dr M Rafi and Dr Deepthi participated in the discussion. Dr Sureshkumar R welcomed the gathering and Dr Mathew John delivered vote of thanks.




# സെന്റ് തോമസ് കോളേജ് അധ്യാപക സന്ദർശനം

ജൂബിലി മിഷൻ ആശുപത്രിയിൽ സെന്റ് തോമസ് കോളേജിലെ അധ്യാപക സംഘം സന്ദർശനം നടത്തി. ജൂബിലി മിഷൻ ഹെൽത്ത് കെയർ ആന്റ് അക്കാദമിക് ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. ദീപപ്രജ്വലന ചടങ്ങിൽ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. സി. ജൂഡി എസ്. ഐ. സി., സെന്റ് തോമസ് കോളേജ് പ്രിൻസിപ്പാൾ ഫാ. ഡോ. മാർട്ടിൻ കെ. എ., ഐ.ക്യു.എ.സി. കോർഡിനേറ്റർ ഡോ. ദിവ്യ എന്നിവർ പങ്കെടുത്തു. സെന്റ് തോമസ് കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോൺ പനങ്ങാടൻ ചടങ്ങിൽ സന്നിഹിതനായിരുന്നു. തുടർന്ന് ജൂബിലി മിഷൻ ഹെൽത്ത് കെയർ ആന്റ് അക്കാദമിക് സ്ഥാപനങ്ങളുടെ സമഗ്ര അവലോകനം സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ അവതരിപ്പിച്ചു.



ഹൃദയാരോഗ്യത്തെക്കുറിച്ച് കാർഡിയോളജി വിഭാഗത്തിലെ ഡോ. ഗോവിന്ദനുണ്ണി പ്രഭാഷണം നടത്തി. തുടർന്ന് മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിലിന്റെ നേതൃത്വത്തിൽ ബേസിക് ലൈഫ് സപ്പോർട്ട് (BLS) പരിശീലനം നടന്നു. റിസർച്ച് വിങ്ങുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് സയന്റിസ്റ്റ് എഫും റിസർച്ച് കോർഡിനേറ്ററുമായ ഡോ. പി. ആർ. വർഗ്ഗീസ് വിശദീകരിച്ചു. സ്ഥാപനങ്ങൾ തമ്മിലുള്ള അക്കാദമിക് സഹകരണവും അറിവ് കൈമാറ്റവും ശക്തിപ്പെടുത്തുന്നതിൽ ഈ സന്ദർശനം നിർണായകമായതായി സംഘാടകർ അറിയിച്ചു.

# യാത്രാമംഗളങ്ങൾ



ജൂബിലി മിഷൻ മെഡിക്കൽ കോളേജ് &
റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പത്ത്
വർഷത്തിലധികമായി സേവനം അനുഷ്ഠിച്ച
**സി.എ. ജീൻ പോളി**ന്
(ജനറൽ മാനേജർ ഫിനാൻസ്)
നന്ദിയുടെ നറുമലരുകളും
യാത്രാമംഗളങ്ങളും ആശംസിക്കുന്നു.



# നവജാതശിശു-പുനർജ്ജീവനവും അടിയന്തര ട്രോമ മാനേജ്മെന്റ് - *ശില്പശാല*

ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിന്റെ ആഭിമുഖ്യത്തിൽ നവജാതശിശു - പുനർജ്ജീവനവും, അടിയന്തര ട്രോമ മാനേജ്മെന്റ് എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ശില്പശാല സംഘടിപ്പിച്ചു. ജൂബിലി മിഷൻ അക്കാദമിക് സ്ഥാപനങ്ങളുടെ ഡയറക്ടർ റവ. ഫാ. റെന്നി മുണ്ടൻകുരിയൻ ശില്പശാല ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് പ്രിൻസിപ്പാൾ ഡോ. സി. ജൂഡി എസ്. ഐ. സി. സ്വാഗതം ചെയ്തു. അസി. ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂർ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ എന്നിവർ ആശംസകൾ അറിയിച്ചു. തുടർന്ന് ഫാ. മുള്ളർ കോളേജ് ഓഫ് നേഴ്സിങ്ങ് അധ്യാപകരായ പ്രൊഫ. ഡോ. സാന്ദ്ര ജെ. സൽദാന, അസോ. പ്രൊഫ. ജൂബി ജോസഫ് എന്നിവർ ക്ലാസുകൾ നയിച്ചു. ജൂബിലി മിഷൻ സ്കൂൾ ആന്റ് കോളേജ് ഫാക്കൽറ്റി, ഹോസ്പിറ്റൽ സ്റ്റാഫ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു. ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് വൈസ് പ്രിൻസിപ്പാൾ ഡോ. സി. ട്രീസ ആന്റോ നന്ദി രേഖപ്പെടുത്തി.




# ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് ഹോസ്റ്റലിൽ പുതിയ ചാപ്പൽ

ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് ഹോസ്റ്റലിൽ പുതിയ ചാപ്പലിന്റെ ആശീർവ്വാദകർമ്മം തൃശ്ശൂർ അതിരൂപത മെത്രാപോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. ജൂബിലി മിഷൻ ഡയറ്കടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. അസി. ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂർ ബൈബിൾ പ്രതിഷ്ഠ നടത്തി. സ്പിരിച്ച്വൽ ഡയറക്ടർ ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര മറ്റു വൈദീകർ നേഴ്സിങ്ങ് സ്കൂളിലേയും കോളേജിലേയും പ്രിൻസിപ്പാളുമാർ, വൈസ് പ്രിൻസിപ്പാളുമാർ, ഹോസ്റ്റൽ വാർഡൻമാർ, അധ്യാപകർ, ജൂബിലി മിഷൻ ആശുപത്രിയിലെ സ്റ്റാഫുമാർ, വിദ്യാർത്ഥികൾ എന്നിവർ ആശീർവാദ കർമ്മത്തിൽ പങ്കെടുത്തു.

# Welcome

## TO JUBILEE FAMILY

| | | |
|---|---|---|
| CA | Aju Jose | Finance |
| Dr. | Ashwathi K Thomas | Radiology |
| Dr. | Anju Joseph | Radiology |
| Dr. | Evin Anto Alapatt | General Surgery |
| Dr. | Gayatri Krishna E | Plastic Surgery |
| Dr. | Geethika Madhavan | Opthalmology |
| Dr. | Janet Joy | Pharmacology |
| Dr. | Kavya T | Anaesthesia |
| Dr. | Sachin George | Anaesthesia |
| Dr. | Sandra Maria Shalet | Urology |
| Ms. | Claudia Joseph | JMCON |
| Sr. | Jeesa Maria (Jisa Jose) | JMCON |
| Mrs. | Rose Mary K R | JMCON |
| Mrs. | Irin Paul | Anaesthesia |
| Ms. | Jasmine Joseph | Anaesthesia |
| Mrs. | Jincy C Jacob | JCMR |
| Mrs. | Tinu Tenny | JMCON |
| Mr. | Steny P D | Transport |

## NURSING

| | |
|---|---|
| Mrs. Athira R | Mrs. Fimi P V |
| Mrs. Jeromi Joy | Ms. Julia Johnson |
| Mrs. Ninitha Dennis | Mrs. Priyanka J |
| Mrs. Saranya P | Ms. Soniya C S |
| Mrs. Stini Francis | Ms. Sushasree M R |
| Ms. Thankam K | Mrs. Tissa Thomas |
| Ms. Anisha Jacob | Ms. Daigy Davis |
| Ms. Gladies Mathew | Ms. Sona Joshy |




# ഹൃദയംഗമമായ നന്ദി

ഞങ്ങൾ ആശുപത്രി സന്ദർശിച്ച സമയത്ത് എന്റെ ആന്റിയെയും എന്നെയും അതിയായ സ്നേഹത്തോടും കരുതലോടുംകൂടിപരിചരിച്ചസ്റ്റാഫ് അംഗങ്ങളായസിൽജ, സോണിയ, എവലിൻ, റോഷ്നി, ജിറ്റി എന്നിവർക്കു ആദ്യം തന്നെ ഞങ്ങളുടെ ഹൃദയംഗമമായ നന്ദി അറിയിക്കുകയാണ്. ഈ സഹോദരിമാരുടെ കരുണയും സ്നേഹവും സേവനമനോഭാവവും ഇന്നത്തെ കാലത്ത് വളരെ അപൂർവമാണ്. ഞങ്ങൾ ആശുപത്രിയിൽ ഉണ്ടായിരുന്ന കാലയളവിൽ അവർ എല്ലായ്പ്പോഴും

Together,
We are the
Patient Experience !

ഞങ്ങളുടെ ആവശ്യങ്ങൾ ശ്രദ്ധയോടെ ചെയ്തുതന്നു. ഞങ്ങളുടെ സുഖവിവരം അന്വേഷിക്കുകയും കഴിച്ചോ, ചികിത്സ എങ്ങനെയാണ് മുന്നോട്ട് പോകുന്നത് തുടങ്ങിയ കാര്യങ്ങൾ ചോദിച്ച് എല്ലായ്പ്പോഴും ഞങ്ങളെ കെയർ ചയ്തു.



തുടർന്ന്, എന്റെ ആന്റിയുടെ ചികിത്സക്കായി സമീപിക്കേണ്ടി വന്ന ന്യൂറോളജിസ്റ്റ് ഡോ. രമേശ് സാറിനോടും ഞങ്ങൾ ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ പ്രൊഫഷണലിസവും രോഗിയോടുള്ള കരുതലും, ഓരോ കാര്യത്തിലും കാണിച്ച ശ്രദ്ധയും ഞങ്ങളെ ഏറെ ആകർഷിച്ചു. ഞങ്ങൾ ചോദിച്ച എല്ലാ സംശയങ്ങൾക്കും അദ്ദേഹം ക്ഷമയോടെ വ്യക്തമായ വിശദീകരണം നൽകി. അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച സ്റ്റാഫ് അംഗങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

അതുപോലെ തന്നെ ഫിസിയോതെറാപ്പി വിഭാഗത്തിലെ ഡോ. ബാബുവിനും, പ്രത്യേകിച്ച് എന്റെ അമ്മായിക്ക് ഫിസിയോതെറാപ്പി ചെയ്യുന്നതിനിടെ അതുല്യമായ പരിചരണം നൽകിയ സിസ്റ്റർ ഡൊറെറ്റിനും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി. ഭാഷാപരമായ ചില ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നെങ്കിലും, പരസ്പരം മനസ്സിലാക്കി മികച്ച പരിചരണം നൽകാൻ അവർക്ക് സാധിച്ചു. അത് ദൈവത്തിന്റെ കരുതലാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

മൂന്നു ആഴ്ചകൾ ഞങ്ങൾ ഇവിടെ കഴിഞ്ഞ സമയമൊട്ടാകെ വളരെ മനോഹരമായ അനുഭവമായിരുന്നു. ഇത് ഒരു ആശുപത്രിയെന്നതിലുപരി, ചികിത്സ തേടിയെത്തിയ ഞങ്ങൾക്ക് രണ്ടാമത്തെ വീടുപോലെ തോന്നി.




# THE SILENT THIEF OF SIGHT

Glaucoma is one of the leading causes of irreversible blindness worldwide. It usually progresses slowly without causing noticeable symptoms in the early stages. Many people may have glaucoma for years without realizing it until significant vision loss has already occurred.

So, in this glaucoma week starting from 8th March 2026 to 14th March 2026 (celebrated every year on the second week of March), let us take some time to understand this silent thief of sight and remind ourselves that protecting our eyesight is not only important for health but also for maintaining independence and quality of life.

## WHAT IS GLAUCOMA?

Glaucoma is a group of eye diseases that causes progressive and irreversible damage to the optic nerve which is responsible

for carrying visual information from the eye to the brain.

In many cases glaucoma is associated with rise of Intraocular Pressure (IOP).

However glaucoma can also occur when eye pressure is normal.

**TYPES**
- Primary Open Angle Glaucoma
- Primary Angle Closure Glaucoma
- Normal Tension Glaucoma
- Secondary Glaucoma
- Congenital Glaucoma

## WHY IS GLAUCOMA DANGEROUS?

Glaucoma usually affects peripheral vision first, and patients may not notice it until the disease becomes advanced and over time leads to tunnel vision and complete blindness.

Unlike cataract, where vision can be restored by surgery, glaucoma related vision loss is irreversible.

Hence it is one of the most important eye diseases that needs to be screened for.



Normal Vision



Early Glaucoma



Advanced Glaucoma



End Stage Glaucoma

## EFFECTS ON DAILY LIVING:-

- Difficulty in seeing objects from the side
- Increased risk of falls
- Troubled driving
- Reduced ability to perform routine tasks
- In complete blindness - total dependence on others

## WHO ARE AT RISK?

Anyone can develop glaucoma but
certain groups are at higher risk.

- People above 40 years of age
- People with family history of glaucoma
- People with hypertension and diabetes
- High Myopia (short sightedness)
- Long term steroid users
- People with past history of eye injury
- People with raised intraocular pressure

## WHEN TO SCREEN FOR GLAUCOMA?

The only way to slow down the progression of the disease and to provide a good quality of vision is to do regular eye check ups and early detection.

**Treatment works best when started early.**

## RECOMMENDED SCREENING

- Yearly once after the age of 40 years
- Yearly once before 40 years for high risk individuals

## COMMON TESTS FOR GLAUCOMA SCREENING

- IOP Measurement
- Fundus Examination for assessing optic disc
- Visual field testing
- OCT scanning
- Gorioscopy



We usually screen by taking IOP measurements and fundus examination and only for suspected patients we do the other investigations.

## TREATMENT

The main goal of treatment is to lower the intraocular pressure and prevent or slow down optic nerve damage.

- Topical Eye Drops like B blockers, PG analogues, carbonic anhydrase inhibitors and agonists
- Laser procedures like laser trabearloplasty and laser iridotomy
- Surgery Trabeculectomy, GPPs, MIGS
- Advanced cases will require surgery

If detected early we can control the disease with topical eye drops.

So Let this Glaucoma week be a reminder for everyone to schedule regular eye check up, spread awareness and take steps towards a future free from preventable blindness.

***"Glaucoma may be silent, but awareness can speak loudly enough to save sight"***

**Dr. Anita Jose Thoppil**
Assistant Professor, Ophthalmology



# വേനൽക്കാല ചർമ്മസംരക്ഷണം ആയുർവേദത്തിലൂടെ

തീക്ഷ്ണമായ വെയിലിൽ ചർമ്മത്തിന്റെ സ്വാഭാവിക തിളക്കം കുറയുന്ന കാലമാണ് വേനൽക്കാലം. ഈ സമയത്ത് ശരീരത്തിലെ ചൂട് വർധിക്കുകയും അതിന്റെ സ്വാധീനം ചർമ്മത്തിൽ വ്യക്തമായി പ്രകടമാകുകയും ചെയ്യുന്നു. അമിതമായ സൂര്യപ്രകാശം, വിയർപ്പ്, പൊടി എന്നിവയുടെ ഫലമായി ചർമ്മം വരണ്ടുപോകൽ, കരുവാളിപ്പ് (Sunburn), ചെറിയ കുരുക്കൾ എന്നിവ പോലുള്ള പ്രശ്നങ്ങൾ സാധാരണയായി കാണപ്പെടുന്നു. ആയുർവേദത്തിന്റെ കാഴ്ചപ്പാടിൽ വേനൽക്കാലം പിത്തദോഷം വർധിക്കുന്ന കാലഘട്ടം ആയതിനാൽ ശരീര

ത്തിലെ ചൂട് കൂടുകയും അത് ചർമ്മത്തിൽ ചുവപ്പ്, ചൊറിച്ചിൽ, അമിത വിയർപ്പ് തുടങ്ങിയ ലക്ഷണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. അതിനാൽ ഈ കാലത്ത് പിത്തം നിയന്ത്രിക്കുന്ന വിധത്തിലുള്ള ഭക്ഷണക്രമവും ജീവിതശൈലിയും പിന്തുടരുന്നത് ചർമ്മസംരക്ഷണത്തിന് വളരെ പ്രധാനമാണ്.

വേനൽക്കാലത്ത് ശരീരത്തെ ശീതളമാക്കുകയും പിത്ത



ദോഷം നിയന്ത്രിക്കുകയും ചെയ്യുന്ന ഭക്ഷണങ്ങൾ കൂടുതലായി ഉൾപ്പെടുത്തേണ്ടതാണ്. ദിവസവും ധാരാളമായി വെള്ളം കുടിക്കുക, നാരങ്ങവെള്ളം, സംഭാരം, തൈര്, തേങ്ങാവെള്ളം തുടങ്ങിയ പാനീയങ്ങൾ ഉപയോഗിക്കുക എന്നിവ ശരീരത്തിന് തണുപ്പ് നൽകുകയും ചർമ്മത്തെ ആരോഗ്യകരമായി നിലനിർത്തുകയും ചെയ്യുന്നു. വെള്ളരിക്ക, തണ്ണിമത്തൻ, മത്തങ്ങ, മുന്തിരി, നെല്ലിക്ക തുടങ്ങിയ പഴങ്ങളും പച്ചക്കറികളും വേനൽക്കാലത്ത് ശരീരത്തിനും ചർമ്മത്തിനും ഏറെ ഗുണകരമാണ്. അതേസമയം അമിതമായി മസാലകൾ ചേർത്ത ഭക്ഷണം, അത്യധികം പൊരിച്ച ഭക്ഷണം, ഫാസ്റ്റ് ഫുഡ്, കാർബണേറ്റഡ് പാനീയങ്ങൾ തുടങ്ങിയവ ഒഴിവാക്കുന്നത് പിത്തദോഷം നിയന്ത്രിക്കാൻ സഹായിക്കുന്നു.

വേനൽക്കാലത്ത് ചർമ്മസംരക്ഷണത്തിന് ആയുർവേദം നിർദേശിക്കുന്ന പ്രധാന മാർഗങ്ങളിൽ ഒന്നാണ് അഭ്യംഗം, അഥവാ ഔഷധ തൈലങ്ങളാൽ ശരീരത്തിൽ എണ്ണമസാജ്

ചെയ്യുന്നത്. തണുപ്പൻ സ്വഭാവമുള്ള ഔഷധ തൈലങ്ങൾ ഉപയോഗിച്ച് അഭ്യംഗം ചെയ്യുന്നത് ചർമ്മത്തിന് ആവശ്യമായ പോഷണം നൽകുകയും ശരീരത്തിലെ ചൂട് കുറയ്ക്കുകയും ചെയ്യുന്നു. ഇതിലൂടെ ചർമ്മം വരണ്ടുപോകുന്നത് തടയുകയും സ്വാഭാവികമായ മൃദുത്വവും തിളക്കവും നിലനിർത്തുകയും ചെയ്യുന്നു.

പ്രകൃതിദത്ത ഔഷധസസ്യങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുന്ന ലേപനങ്ങളും ഫേസ്പാക്കുകളും വേനൽക്കാലത്ത് വളരെ ഗുണകരമാണ്. ചന്ദനം, മഞ്ഞൾ, കസ്തൂരിമഞ്ഞൾ, വേപ്പില, തുളസി, കറ്റാർവാഴ തുടങ്ങിയ ഔഷധങ്ങൾ ചർമ്മത്തിന് ശീതളത നൽകുകയും അണുബാധകളിൽ നിന്ന്



സംരക്ഷിക്കുകയും ചെയ്യുന്നു. ചന്ദനപ്പൊടി വെള്ളമോ റോസ് വാട്ടറോ ചേർത്ത് മുഖത്ത് പുരട്ടുന്നത് ചർമ്മത്തിലെ ചൂട് കുറയ്ക്കാനും കരുവാളിപ്പ് കുറയ്ക്കാനും സഹായിക്കുന്നു. കറ്റാർവാഴ ജെൽ ഉപയോഗിക്കുന്നത് ചർമ്മത്തിന് തണുപ്പും ഈർപ്പവും നൽകുന്നതിനാൽ വേനൽക്കാല ചർമ്മസംരക്ഷണത്തിൽ വളരെ പ്രയോജനകരമാണ്.

മതിയായ ഉറക്കവും മാനസികശാന്തിയും ചർമ്മാരോഗ്യത്തിന് നിർണായക ഘടകങ്ങളാണ്. രാത്രിയിൽ മതിയായ ഉറക്കം ലഭിക്കാത്തത് ചർമ്മം മങ്ങിയതും ക്ഷീണിതവുമായതായി തോന്നാൻ കാരണമാകും. യോഗ, പ്രാണായാമം,

ധ്യാനം എന്നിവ ശരീരത്തെയും മനസ്സിനെയും ശാന്തമാക്കുകയും ചർമ്മത്തിന്റെ ആരോഗ്യവും തിളക്കവും നിലനിർത്താൻ സഹായിക്കുകയും ചെയ്യുന്നു.

വേനൽക്കാലത്ത് ശുചിത്വവും അത്രത്തോളം പ്രധാനമാണ്. ദിവസം രണ്ടുതവണയെങ്കിലും മുഖം കഴുകുകയും വിയർപ്പ് കൂടുതലായാൽ ശരീരം വൃത്തിയായി സൂക്ഷിക്കു



കയും ചെയ്യണം. പൊടി, മലിനീകരണം എന്നിവ ചർമ്മത്തിൽ അടിഞ്ഞുകൂടുന്നത് തടയുന്നത് മുഖക്കുരു പോലുള്ള പ്രശ്നങ്ങൾ ഒഴിവാക്കാൻ സഹായിക്കുന്നു. കഠിനമായ കെമിക്കൽ അടങ്ങിയ കോസ്മറ്റിക് ഉൽപ്പന്നങ്ങൾ അധികമായി ഉപയോഗിക്കുന്നത് ചർമ്മത്തെ ദോഷകരമായി ബാധിക്കാൻ സാധ്യതയുള്ളതിനാൽ പ്രകൃതിദത്തവും സൗമ്യവുമായ ഉൽപ്പന്നങ്ങൾ തിരഞ്ഞെടുക്കുന്നത് കൂടുതൽ നല്ലതാണ്.

ഇന്നത്തെ ജീവിതശൈലിയിൽ ചർമ്മസംരക്ഷണത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന പ്രവണത വർധിച്ചുവരുന്നുണ്ട്. ലോകമെമ്പാടും ഇന്ന് പ്രചാരത്തിലുള്ള പല സൗന്ദര്യപരിപാലന രീതികളുടെയും അടിസ്ഥാനതത്വങ്ങൾ ആയുർവേദത്തിൽ നിന്നാണ് ഉത്ഭവിച്ചിട്ടുള്ളത്. ആയുർവേദത്തിൽ വിവരിക്കുന്ന മുഖലേപം, അഭ്യംഗം തുടങ്ങിയ ചികിത്സകളുടെ ആധുനിക രൂപങ്ങളാണ് ഇന്ന് വിവിധ സ്പാ ചികിത്സകളായി കാണ

പ്പെടുന്നത്. ഈ സാഹചര്യത്തിൽ പ്രകൃതിദത്ത ഔഷധങ്ങൾ അടിസ്ഥാനമാക്കി നടത്തുന്ന ആയുർവേദ കോസ്മറ്റോളജി ചികിത്സകൾക്ക് വലിയ പ്രാധാന്യമുണ്ട്. ഹെർബൽ ഫേഷ്യൽ, മാനിക്യൂർ, പെഡിക്യൂർ തുടങ്ങിയ ചികിത്സകൾ ചർമ്മത്തെ ശുദ്ധീകരിക്കുകയും പോഷണം നൽകുകയും സ്വാഭാവിക സൗന്ദര്യം നിലനിർത്തുകയും ചെയ്യുന്നു.

ഈ രംഗത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റലിലും ആയുർവേദ കോസ്മറ്റോളജി ക്ലിനിക് പ്രവർത്തിക്കുന്നുണ്ട്. പ്രകൃതിദത്ത ഔഷധങ്ങൾ ഉപയോഗിച്ച് സുരക്ഷിതവും ശാസ്ത്രീയവുമായ രീതിയിൽ ചർമ്മസംരക്ഷണവും സൗന്ദര്യപരിപാലനവും നടത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ വിഭാഗം പ്രവർത്തിക്കുന്നത്.

എങ്കിലും ആയുർവേദത്തിന്റെ പ്രധാന ലക്ഷ്യം വെറും സൗന്ദര്യപരിപാലനം മാത്രമല്ല, ശരീരത്തിന്റെ ആന്തരിക ആരോഗ്യവും സന്തുലിതാവസ്ഥയും നിലനിർത്തുക എന്നതാണ്. ശരീരത്തിനുള്ളിലെ ദോഷങ്ങൾ നിയന്ത്രിക്കപ്പെടുമ്പോൾ സ്വാഭാവികമായി ചർമ്മത്തിൽ ആരോഗ്യവും തിളക്കവും പ്രതിഫലിക്കും. അതിനാൽ വേനൽക്കാലത്ത് ശരിയായ ഭക്ഷണക്രമം, ജീവിതശൈലി, ഔഷധസസ്യങ്ങളുടെ ഉപയോഗം എന്നിവ ചേർന്നുള്ള സമഗ്രമായ ആയുർവേദ സമീപനം പിന്തുടരുന്നത് ഏറ്റവും ഉചിതമാണ്.

ഇങ്ങനെ പ്രകൃതിയോട് ചേർന്ന് ജീവിക്കുകയും ആയുർവേദ മാർഗങ്ങൾ പിന്തുടരുകയും ചെയ്താൽ വേനൽക്കാലത്തിന്റെ കടുത്ത ചൂടിനിടയിലും ആരോഗ്യകരവും തിളക്കമുള്ളതുമായ ചർമ്മം നിലനിർത്താൻ കഴിയും. കൂടാതെ ആയുർവേദ വിദഗ്ധരുടെ നിർദേശപ്രകാരം ചികിത്സകളും പരിചരണങ്ങളും സ്വീകരിക്കുന്നത് ചർമ്മസംബന്ധമായ പ്രശ്നങ്ങൾ മുൻകരുതലോടെ നിയന്ത്രിക്കാനും സഹായകരമാണ്.

**ഡോ. ബിനു ബാഹുലേയൻ**
അഡ്മിൻ കം ആയുർവേദ ഡോക്ടർ
ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
| Ms. Steffy Jose | Mr. Joshi Paul


'ഹോസാന! കർത്താവിന്റെ നാമത്തിൽ
വരുന്നവൻ അനുഗൃഹീതൻ! ഇസ്രായേലിന്റെ
രാജാവ് വാഴ്ത്തപ്പെട്ടവൻ!' (യോഹ. 12:13)
Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE